## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2000** 07.07.2015-ൽ മറുപടിയ്ക്ക്

# കെ. എസ്. ഇ. ബി. യിൽ പെൻഷൻ ഫണ്ടും മാസ്റ്റർ ട്രസ്റ്റും.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബി. ലിമിറ്റഡിൽ പെൻഷൻ നൽകുന്നതിനായി ഒരു പെൻഷൻ ഫണ്ടും പ്രസ്തുത ഫണ്ട് മാനേജ് ചെയ്യുന്നതിനായി ഒരു മാസ്റ്റർ ട്രസ്റ്റും രൂപീകരിക്കുമെന്ന കമ്പനിവൽക്കരണ കൈമാറ്റ പദ്ധതിയിലെയും കെ. എസ്. ഇ. ബി പുന:സംഘടനയോടനുബന്ധിച്ച് ഉണ്ടാക്കിയ ത്രികക്ഷി കരാറിലെയും വ്യവസ്ഥകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പെൻഷൻ ഫണ്ട് രൂപീകരണത്തിന്റെയും മാസ്റ്റർ ട്രസ്റ്റ് രൂപീകരണത്തിന്റെയും പുരോഗതി അറിയിക്കുമോ ; | (ബി) പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള മാസ്റ്റർ ട്രസ്റ്റിന്റെ രജിസ്ട്രേഷൻ 12.02.2015 -ന് നടത്തുകയുണ്ടായി. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിന്റെ ആദ്യയോഗം 16.04.2015 -ന് ചേരുകയുണ്ടായി. ട്രസ്റ്റിന്റെ പേരിൽ ബാങ്ക് അക്കൗണ്ട് തുറക്കുന്നത് ഉൾപ്പെടെയുള്ള പ്രാഥമിക നടപടികൾ നടന്നു വരുന്നു. |
| (സി) നാളിതുവരെ എത്ര തുക പെൻഷനിൽ നിക്ഷേപിച്ചിട്ടുണ്ട് ;<br><br>(ഡി) മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുന്നതിലേക്ക് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ; പ്രസ്തുത ട്രസ്റ്റിലെ അംഗങ്ങൾ ആരൊക്കെയാണ് ; വ്യക്തമാക്കുമോ ? | (സി) & (ഡി) 28.01.2015-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവു പ്രകാരം 31.10.2013 -ന് കണക്കാക്കിയ ആക്ച്യൂറിയൽ വാല്യുവേഷൻ അനുസരിച്ച് പെൻഷൻ ബാധ്യത 12419 കോടി രൂപയാണ്. ഈ തുകയിൽ 524 കോടി രൂപ സർക്കാർ ബഡ്ജറ്റിലുൾപ്പെടുത്തി കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്നതും ബാക്കി തുകയായ 11895 കോടി രൂപയ്ക്ക് മാസ്റ്റർ ട്രസ്റ്റിന് ബോണ്ടുകൾ നൽകുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിനെ സർക്കാർ അനുവദിച്ചിട്ടുള്ളതുമാണ്. ഇതിൽ 5861 |

കോടി രൂപ സംസ്ഥാന സർക്കാർ അടുത്ത പത്തു വർഷം കൊണ്ട് ഫണ്ടു ചെയ്യുന്നതിലേയ്ക്കായി ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ പിരിച്ചെടുത്ത തുക ഉപയോഗിക്കുന്നതിന് കെ. എസ്. ഇ. ബി. ലിമിറ്റഡിനെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ജീവനക്കാർക്കും പെൻഷൻകാർക്കും പുറമേ സർവ്വീസിലിരിക്കെ ശാരീരികാ വശതയിലാവുകയും തുടർന്ന് ജോലി ചെയ്യാൻ കഴിയാത്തവർക്കും അവരുടെ പിൻഗാമികൾക്കും ആനുകൂല്യങ്ങൾ ഉറപ്പാക്കത്തക്ക രീതിയിലാണ് മാസ്റ്റർ ട്രസ്റ്റ് രൂപീകരിച്ചിട്ടുള്ളത്. 24-11-2014-ലെ ജി. ഒ (എം എസ്) നം. 39/14/ഊ. വ പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ട്രസ്റ്റ് ഡീഡ് & ബൈലായ്ക്ക് അനുസൃതമായിട്ടാണ് മാസ്റ്റർ ട്രസ്റ്റ് പ്രവർത്തിക്കുക. മാസ്റ്റർ ട്രസ്റ്റിലെ അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് - ചെയർമാൻ & ട്രസ്റ്റി.
2. ഡയറക്ടർ (ഫിനാൻസ്), കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് - കൺവീനർ & ട്രസ്റ്റി.
3. ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & സേഫ്റ്റി ) - ട്രസ്റ്റി.
4. ഡയറക്ടർ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ) - ട്രസ്റ്റി.
5. ഡയറക്ടർ (ജനറേഷൻ-സിവിൽ) - ട്രസ്റ്റി.
6. സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) - സെക്രട്ടറി & ട്രസ്റ്റി.
7. ചീഫ് എഞ്ചിനിയർ (എച്ച്. ആർ.എം) - ട്രസ്റ്റി.
8. ഫിനാൻഷ്യൽ അഡ്വൈസർ - ട്രഷറർ & ട്രസ്റ്റി.
9. തൊഴിലാളികളുടെയും ആഫീസർമാരുടെയും പ്രതിനിധികൾ.

സെക്ഷൻ ഓഫീസർ.